## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 962 08.01.2014 -ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനങ്ങൾ

ചോദ്യം ഉത്തരം

**ശ്രീ. കെ.കെ.ജയചന്ദ്രൻ** **ശ്രീ.ഷിബു ബേബി ജോൺ**

(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വകുപ്പിന്റെ വിവിധ പ്രവർത്തന മേഖലകളിൽ സ്വീകരിച്ചു വരുന്ന നടപടികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവൽക്കരിക്കുകയും ഇതിലേയ്ക്ക് ആവശ്യമായ കമ്പ്യൂട്ടർ ഹാർഡ്‌വെയർ , സോഫ്റ്റ്‌വെയർ , കെസ്വാൻ/ബി.എസ്.എൻ.എൽ മുഖേനയുള്ള നെറ്റ്‌വർക്ക്, ഇ-മെയിൽ, വെബ്സൈറ്റ് സംവിധാനം എന്നിവ ഏർപ്പെടുത്തുകയും ഡാറ്റാ ഡിജിറ്റൈസേഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇന്റർനെറ്റ് മുഖേനയുള്ള ഓൺലൈൻ സേവനങ്ങൾ കൂടി ലഭ്യമാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. എംപ്ലോയ്മെന്റ് വകുപ്പിൽ പൊതുജനങ്ങളുടെ ആവശ്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തുകയും, വിവരാവകാശ നിയമം, സേവനാവകാശ നിയമം എന്നിവ പൂർണ്ണതോതിൽ പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുന്നതിനായി Result Frame Work Document തയ്യാറാക്കുകയും അതിനനുസരിച്ചുള്ള ലക്ഷ്യം കൈവരിക്കുന്നതിന് നടപടികൾ സ്വീകരിക്ക |

| | | | |
|---|---|---|---|
| | | | കയും ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണത്തിന്റെ ഭാഗമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ബൃഹദ്പദ്ധതി പ്രകാരം കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, പാലക്കാട് ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്നു.<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും തൊഴിലില്ലായ്മ കുറയ്ക്കുന്നതിനും നിലവിൽ വകുപ്പ് മുഖാന്തിരം കെസ്റു , മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്, ജോബ് ക്ലബ്, 'ശരണ്യ' എന്നീ സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത എത്രപേരെ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ജോലിക്ക് ശുപാർശ ചെയ്യാൻ സാധിച്ചിട്ടുണ്ട് ; അതിൽ എത്ര പേർക്ക് താൽക്കാലിക നിയമനം ലഭിച്ചു ; ഇത് പി.എസ്.സി. വഴിയല്ലാതെ സർക്കാർ നേരിട്ട് നടത്തിയ നിയമനങ്ങളുടെ എത്ര ശതമാനമാണ് ; | (ബി) | 2,83,860 പേരെ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ജോലിക്ക് ശുപാർശ ചെയ്തു. അതിൽ 13,859 പേർക്ക് താൽക്കാലിക നിയമനം ലഭിച്ചു.<br><br>ഇത് സംബന്ധിച്ച ശതമാനം തിട്ടപ്പെടുത്തിയിട്ടില്ല |
| (സി) | സംസ്ഥാനത്ത് തൊഴിലില്ലായ്മ വേതനത്തിന് അർഹരായ എത്ര പേരുണ്ടെന്നും, ഇതിൽ എത്ര പേർക്ക് അത് ലഭിക്കുന്നുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; കുടിശ്ശിക വിതരണം ചെയ്യാനുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ ; | (സി) | അർഹതയുള്ള 2,62,480 പേർക്ക് തൊഴിൽ രഹിത വേതനം നൽകുന്നുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ജില്ല | തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നവരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 49191 |
| 2 | കൊല്ലം | 36965 |
| 3 | ആലപ്പുഴ | 5998 |
| 4 | പത്തനംതിട്ട | 37598 |
| 5 | കോട്ടയം | 13829 |

| | | |
|---|---|---|
| 6 | ഇടുക്കി | 5357 |
| 7 | എറണാകുളം | 12011 |
| 8 | തൃശ്ശൂർ | 15253 |
| 9 | പാലക്കാട് | 13257 |
| 10 | മലപ്പുറം | 22821 |
| 11 | കോഴിക്കോട് | 27189 |
| 12 | വയനാട് | 3461 |
| 13 | കണ്ണൂർ | 12276 |
| 14 | കാസർഗോഡ് | 7274 |
| | **ആകെ** | **2,62,480** |

നിലവിൽ 6/2013 മുതൽ 12/2013 വരെയുള്ള '7' മാസത്തെ കുടിശ്ശിക വിതരണം നടത്തേണ്ടതായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ടി തുക വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) സംസ്ഥാനത്ത് ആകെ എത്ര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഉണ്ട് ; എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ എണ്ണം എത്ര ; ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ആകെ 84 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഉണ്ട്. ഇവയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ ആകെ എണ്ണം 3900554 ആണ്. ജില്ലാടിസ്ഥാനത്തിൽ ഉള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | തൊഴിൽ രഹിതരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 645635 |
| 2 | കൊല്ലം | 400430 |
| 3 | ആലപ്പുഴ | 350383 |
| 4 | പത്തനംതിട്ട | 134676 |
| 5 | കോട്ടയം | 285970 |
| 6 | ഇടുക്കി | 140453 |
| 7 | എറണാകുളം | 344753 |
| 8 | തൃശ്ശൂർ | 330408 |
| 9 | പാലക്കാട് | 263939 |
| 10 | മലപ്പുറം | 318141 |
| 11 | കോഴിക്കോട് | 328038 |

| | | |
|---|---|---|
| 12 | വയനാട് | 105270 |
| 13 | കണ്ണൂർ | 216150 |
| 14 | കാസർഗോഡ് | 36308 |
| | **ആകെ** | **3900554** |

| | | | |
|---|---|---|---|
| (ഇ) | പേര് രജിസ്റ്റർ ചെയ്ത് വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു ഇന്റർവ്യൂ കാർഡു പോലും ലഭിക്കാത്തവരായി ധാരാളം പേരുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>തൊഴിൽ ലഭിക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ഒഴിവുകൾ അറിയിക്കപ്പെടാത്തതിനാൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള നിശ്ചിത പ്രായപരിധിയ്ക്കുള്ളിലെ എല്ലാ ഉദ്യോഗാർത്ഥികളെയും തൊഴിലിനായി പരിഗണിക്കുവാൻ സാദ്ധ്യമാകാത്ത അവസ്ഥ ഉണ്ടാകാറുണ്ട്. |
| (എഫ്) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് വർഷങ്ങളായി തൊഴിലിന് കാത്ത് ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുണ്ടായിരിക്കെ, തൊഴിൽ വകുപ്പുൾപ്പെടെയുള്ള സംസ്ഥാനത്തെ സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ യാതൊരു മാനദണ്ഡവും ഇല്ലാതെ നേരിട്ട് നിയമനം നടത്തിക്കൊണ്ടിരിക്കുന്നത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടി വിശദമാക്കാമോ ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ബിവറേജസ് കോർപ്പറേഷൻ, സിഡ്കോ , സി-ഡിറ്റ്, ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ അനധികൃതമായി താൽക്കാലിക ജീവനക്കാരെ നിയമിച്ചിരിക്കുന്നതായും സി.എൻ.വി ആക്ട് ഫലപ്രദമായി നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്നുവെന്നും പരിശോധനാ ഉദ്യോഗസ്ഥർ കണ്ടെത്തിയിട്ടുണ്ട്. ഇതേ തുടർന്ന് പ്രസ്തുത ജീവനക്കാരെ പിരിച്ചു വിട്ട് ഒഴിവുകൾ പി.എസ്.സി -യേയോ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലോ അറിയിക്കാൻ ടി ഉദ്യോഗദായകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ